പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1566 — 12-06-2019-ലെ മറുപടിയ്ക്ക്

**കാർഷികകടങ്ങൾക്ക് മോറട്ടോറിയം**

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.ഐ.സി.ബാലകൃഷ്ണൻ<br>ശ്രീ.അനിൽ അക്കര<br>ശ്രീ.പി.ടി. തോമസ്<br>ശ്രീ.വി.ഡി.സതീശൻ** | | **ശ്രീ.വി.എസ്. സുനിൽ കുമാർ<br>(കൃഷി വകുപ്പ് മന്ത്രി)** | |
| (എ) | കാർഷികകടങ്ങൾക്ക് മോറട്ടോറിയം പ്രഖ്യാപിച്ചിട്ടുണ്ടോ; അതിന്റെ കാലാവധി എന്നുവരെയാണ്; | (എ) & (ബി) | 2019 മാർച്ച് 5-ന് ചേർന്ന മന്ത്രിസഭാ യോഗ തീരുമാന പ്രകാരം 2019 ഡിസംബർ 31 വരെ കാർഷിക കടങ്ങൾക്ക് മൊറട്ടോറിയം പ്രഖ്യാപിച്ചിട്ടുണ്ട്. |
| (ബി) | ലോകസഭാ തിരഞ്ഞെടുപ്പ് പ്രഖ്യാപനത്തിന് തൊട്ടുമുമ്പ് മോറട്ടോറിയത്തിന്റെ കാലാവധി 2019 ഡിസംബർ 31 വരെ നീട്ടുന്നതിന് ക്യാബിനറ്റ് തീരുമാനം എടുത്തിരുന്നോ;എന്ന് ചേർന്ന ക്യാബിനറ്റിലാണ് പ്രസ്തുത തീരുമാനം എടുത്തത്; | | |
| (സി) | ഇതു സംബന്ധിച്ച ഉത്തരവ് എന്നാണ് പുറപ്പെടുവിച്ചത്;ഉത്തരവ് പുറപ്പെടുവിക്കുന്നതിൽ എന്തെങ്കിലും കാലതാമസം വന്നിട്ടുണ്ടോ;ഉണ്ടെങ്കിൽ അതിൽ ഉദ്യോഗസ്ഥരുടെ ഭാഗത്ത് വീഴ്ച ഉണ്ടായതായി കണ്ടെത്തിയിട്ടുണ്ടോ; | (സി) & (ഡി) | 05.03.2019-ലെ മന്ത്രിസഭായോഗ തീരുമാന പ്രകാരം പൊതുമേഖല, വാണിജ്യ, സഹകരണ ബാങ്കുകൾ എന്നിവിടങ്ങളിൽനിന്നും കർഷകർ എടുത്തിട്ടുള്ള കാർഷിക വായ്പകളിൻമേലുള്ള ജപ്തി നടപടികൾക്ക് നേരത്തെ പ്രഖ്യാപിച്ച മൊറട്ടോറിയം 2019 ഡിസംബർ 31 വരെ ദീർഘിപ്പിക്കുവാൻ തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ കൃഷി വകുപ്പ് 07.03.2019-ൽ സ.ഉ.(കൈ)നം.41/2019/കൃഷി ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. എന്നാൽ മൊറട്ടോറിയം സംബന്ധിച്ച ഉത്തരവ് തെരഞ്ഞെടുപ്പ് പെരുമാറ്റച്ചട്ടം നിലവിൽ വരുന്നതിനു മുൻപ് റവന്യൂ വകുപ്പിന് പുറപ്പെടുവിക്കാൻ കഴിഞ്ഞില്ല. ഈ വിഷയത്തിൽ ബോധപൂർവ്വമായ വീഴ്ച സംഭവിച്ചിട്ടുണ്ടോ എന്ന കാര്യം സർക്കാർ പരിശോധിച്ചു വരുന്നു. |
| (ഡി) | എങ്കിൽ ഉത്തരവാദികളായ ഉദ്യോഗസ്ഥർക്കെതിരെ എന്ത് നടപടിയാണ് സ്വീകരിച്ചത്;വ്യക്തമാക്കുമോ? | | |

സെക്ഷൻ ഓഫീസർ